## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2166 — 11.06.2018 ൽ മറുപടിക്ക്

### ഡയാലിസിസ് സെന്ററുകൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം<br>,, എസ്.രാജേന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, കെ. ബാബു | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയ്ക്കായി കിഫ്ബി വഴി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കേരളത്തിലെ 44 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ഡയാലിസിസ് സെന്ററുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്; | (സി) | കിഫ്ബി പദ്ധതി പ്രകാരം 18 ഡയാലിസിസ് കേന്ദ്രങ്ങൾ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സ്വകാര്യ ആശുപത്രികൾ ഡയാലിസിസിനായി വ്യത്യസ്ത ഫീസ് ഈടാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഡി) | സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസിനായി വ്യത്യസ്ത ഫീസ് ഈടാക്കി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'Clinical establishment bill' നടപ്പിലാക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ